പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6175 — 02.04. 2018 ൽ മറുപടിക്ക്

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ**

ചോദ്യം

ശ്രീ.എം.വിൻസെന്റ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സിവിൽ അപ്പീൽ 7600/12 നമ്പർ കേസിൽ 19/10/12 ലെ ബഹു. സുപ്രീം കോടതിയുടെ വിധിയെ തുടർന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ മെമ്പർമാരായി തുടരാൻ നിയമപരമായ യാതൊരു അവകാശങ്ങളും ഇല്ലാത്ത വേണുഗോപാൽ, വിക്രമൻനായർ എന്നിവരെ പുറത്താക്കാൻ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 05/12/2014 ലെ സ.ഉ(കൈ)41/14/പി.ഡി പ്രകാരം ശ്രീ വിക്രമൻ നായരെയും, 04/04/2015 ലെ സ.ഉ(കൈ)11/15/പി.ഡി പ്രകാരം ശ്രീ എസ്. വേണുഗോപാലിനെയും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ അംഗങ്ങളായി നിയമിച്ചിട്ടുണ്ട്. നിയമാനുസൃതം രൂപീകരിക്കപ്പെട്ട സെലക്ഷൻ കമ്മിറ്റികളുടെ പരിശോധനയുടെയും ശുപാർശയുടെയും അടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്. |
| (ബി) പ്രസ്തുത വിധിപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ജീവനക്കാർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ ജോലിചെയ്യാൻ സാധിക്കില്ല എന്നിരിക്കെ എന്തടിസ്ഥാനത്തിലാണ് ബോർഡ് ജീവനക്കാരായ പി. ശിവപ്രസാദ്, കെ.പ്രസീതകുമാർ,കെ.എസ്. സവിത എന്നിവർക്ക് ഡപ്യൂട്ടേഷൻ കാലാവധി നീട്ടികൊടുത്ത് 26/2/18-ൽ കെ.എസ്. ഇ.ബി. ഉത്തരവിറക്കിയത് വിശദമാക്കുമോ? | (ബി) ബോർഡ് ജീവനക്കാരായ ശ്രീ.ശിവപ്രസാദ്, ശ്രീ.കെ.പ്രസീതകുമാർ, ശ്രീമതി.കെ.എസ്.സവിത എന്നിവരുടെ നിയമനം അന്യത്ര സേവന വ്യവസ്ഥയിലാണ്. പ്രസ്തുത കോടതി ഉത്തരവ് സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ ചെയർമാന്റെ നിയമനവുമായി ബന്ധപ്പെട്ടതാണ്. ടി വിധി മേൽപറഞ്ഞ ജീവനക്കാർക്ക് ബാധകമല്ല. |

സെക്ഷൻ ഓഫീസർ